# പതിനാലാം കേരള നിയമസഭ
# (പതിനാലാം സമ്മേളനം)

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:105** **04.02.2019-ൽ മറുപടിയ്ക്ക്**

## മത്സ്യനയം

| ചോദ്യം<br>ശ്രീ.എൻ. ഷംസുദ്ദീൻ<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.പി.കെ.അബ്ദു റബ്ബ് | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; | എ) ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനും മത്സ്യ ലേലവും വിപണനവും നിയന്ത്രിക്കുന്നതിനും ശുചിത്വപൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും ഉറപ്പു വരുത്തുന്നതിനും ലക്ഷ്യമിട്ടുകൊണ്ടുള്ള നിയമ നിർമ്മാണം പരിഗണനയിലാണ്. നിലവിൽ മത്സ്യത്തൊഴിലാളികൾ പിടിച്ചു കൊണ്ടു വരുന്ന മത്സ്യം മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്യപ്പെട്ട മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾ വഴി, ഇടനിലക്കാരെ ഒഴിവാക്കി ലേലം ചെയ്യുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു.<br>മത്സ്യഫെഡിന്റെ കീഴിൽ തീരദേശ മേഖലയിലുള്ള 194 സഹകരണ സംഘങ്ങളും ഉൾനാടൻ മേഖലയിലെ 17 സഹകരണ സംഘങ്ങളും ഇത്തരത്തിൽ മത്സ്യലേലത്തിൽ പങ്കെടുക്കുകയും കഴിഞ്ഞ 6 മാസക്കാലയളവിൽ മാത്രം 15043.76 ടൺ മത്സ്യം ലേലം നടത്തിയ വകയിൽ 150.02 കോടി രൂപ ലഭ്യമായിട്ടുമുണ്ട്. |
| ബി) മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മയുള്ള മത്സ്യം വൃത്തിയോടെ വിതരണം ചെയ്യുന്നതിനും എന്തെല്ലാം നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ; | ബി) മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനായി ജനകീയ മത്സ്യകൃഷി രണ്ടാം ഘട്ടം പദ്ധതി സംസ്ഥാനതലത്തിൽ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നു. ഇതിനു പുറമെ കടൽ മത്സ്യസമ്പത്ത് സംരക്ഷിച്ചും മത്സ്യോല്പാദന വർദ്ധനവ് ലക്ഷ്യമിടുന്നു. കടൽ മത്സ്യ സമ്പത്ത് സംരക്ഷിക്കുന്നതിനും മത്സ്യ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനുമായി കൃത്രിമ പാര് പദ്ധതിയും, സീക്കേജ് പദ്ധതിയും നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ചെറു മീനുകളെ പിടിക്കുന്നത് തടയുന്നതിനായി സി.എം.എഫ്.ആർ.ഐ യുടെ പഠനത്തിന്റെയും ശുപാർശയുടെയും അടിസ്ഥാനത്തിൽ 58 ഇനം മത്സ്യങ്ങളുടെ മിനിമം ലീഗൽ സൈസ് നിഷ്കർഷിച്ചു കൊണ്ട് വിജ്ഞാപനം |

| | | |
|---|---|---|
| | | ഇറക്കിയിട്ടുണ്ട്. മത്സ്യങ്ങളുടെ പ്രജനന കാലമായ ജൂൺ, ജൂലൈ മൺസൂൺ കാലയളവിൽ ട്രോൾ ബാനും നടപ്പിലാക്കി വരുന്നു. ബോട്ടം ട്രോളിങ്ങ് നിരോധന കാലയളവ് 47 ദിവസത്തിൽ നിന്നും 52 ദിവസമായി വർദ്ധിപ്പിക്കുകയും ചെയ്തു. ഇതിനു പുറമെ മത്സ്യ ഉൽപ്പാദനം വർദ്ധിപ്പിക്കുക, തീരക്കടലിൽ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുക എന്നീ ലക്ഷ്യങ്ങളോടെ ആഴക്കടൽ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു. ഗുണമേന്മയുള്ള മത്സ്യം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്ന തിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| സി) | സംസ്ഥാന സർക്കാർ മത്സ്യനയം രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ? | സി) ഉണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

Shailo

**സെക്ഷൻ ആഫീസർ**

## അനുബന്ധം

മത്സ്യ മേഖലയിൽ കടലിലേയും ഉൾനാടൻ ജലാശയങ്ങളിലേയും മത്സ്യ സമ്പത്തിന്റെ സംരക്ഷണവും വികസനവും വിനിയോഗവും വർദ്ധിപ്പിക്കുകയും മത്സ്യ കർഷകരുടെയും മത്സ്യത്തൊഴിലാളികളുടെയും ആളോഹരി വരുമാനം ഉയർത്തി കൊണ്ട് വരികയും ചെയ്യുക എന്നീ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനായി പുറത്തിറക്കിയ ഫിഷറീസ് നയത്തിലെ പ്രസക്ത നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1) ശാസ്ത്രീയ മുറകൾ അവലംബിച്ച് കടൽ /ഉൾനാടൻ മത്സ്യോല്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുക.

2) ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിച്ച് ജലകൃഷിയിലൂടെയുള്ള മത്സ്യോത്പാദനം വർദ്ധിപ്പിക്കുക.

3) നൂതന സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി മൂല്യ വർദ്ധനവ് വഴി വിളവിന് പരമാവധി വില ലഭ്യമാക്കുകയും വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യുക.

4) രാജ്യത്തിനകത്തും പുറത്തുമുള്ള ഗവേഷണ സ്ഥാപനങ്ങളുടെ സഹായത്താലുള്ള പരിശീലന പരിപാടികളിലൂടെ ഉദ്യോഗസ്ഥ ഗുണമേന്മ ഉറപ്പാക്കുക.

5) രാജ്യത്തിനകത്തും പുറത്തുമുള്ള സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി ഗവേഷണ സ്ഥാപനങ്ങളുടെ സഹായത്താലുള്ള പരിശീലന പരിപാടികളിലൂടെ മത്സ്യത്തൊഴിലാളികൾക്ക് പരിശീലനവും ഉറപ്പാക്കുക.

6) കടലുമായി ബന്ധപ്പെട്ട ദൈനം ദിന പ്രവൃത്തികൾ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും മാസ്റ്റർ കൺട്രോൾ സിസ്റ്റം ഏർപ്പെടുത്തുക.

7) ഗുണ മേന്മയുള്ള മത്സ്യം വൃത്തിയുള്ള രീതിയിൽ വിപണനം നടത്തി മത്സ്യത്തൊഴിലാളികളുടെയും ഉപഭോക്താക്കളുടെയും താല്പര്യം സംരക്ഷിക്കുക.

8) ഗുണനിലവാരം ഉറപ്പാക്കി നൂതന പാക്കിംഗിലൂടെ മത്സ്യ ഉല്പന്നങ്ങളെ ബ്രാൻഡ് ചെയ്ത് അവയുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുക.

9) മത്സ്യത്തൊഴിലാളി പിടിക്കുന്ന മത്സ്യത്തിന്റെ വില നിശ്ചയിക്കുന്നതിനും സ്വതന്ത്രമായി വില്പനയിൽ ഏർപ്പെടുന്നതിനുമുള്ള അവകാശം അവർക്ക് ഉറപ്പ് വരുത്തുക.

10) ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്ന് മത്സ്യത്തൊഴിലാളികളെ രക്ഷപ്പെടുത്തുന്നതിന് സഹകരണ പ്രസ്ഥാനം ശക്തിപ്പെടുത്തുക.

11) മത്സ്യത്തൊഴിലാളികളുടെ തൊഴിൽ വേളയിലുള്ള അപകട സാദ്ധ്യത പരമാവധി കുറയ്ക്കുന്നതിനായി ഫലപ്രദമായ ജീവൻ സുരക്ഷാ പദ്ധതികൾ ഏർപ്പെടുത്തുക.

12) മത്സ്യത്തൊഴിലാളികളുടെ ജീവനോപാധികൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനും സഹായം നൽകി അവരുടെ സാമൂഹ്യ - സാമ്പത്തിക നിലവാരം മെച്ചപ്പെടുത്തുക.

13) പ്രകൃതിക്ഷോഭം മൂലം മത്സ്യ ബന്ധന ഉപകരണങ്ങൾക്കും മത്സ്യ കൃഷിയ്ക്കും ഉണ്ടാകാൻ സാധ്യതയുള്ള നഷ്ടം പരിഹരിച്ച് അവ പുനരുജ്ജീവിപ്പിക്കുന്നതിനും അതു വഴി സാമൂഹിക സുരക്ഷ ഉറപ്പ് വരുത്തുകയും ചെയ്യുക.

14) മത്സ്യ ഭവനുകൾ വഴിയുള്ള മത്സ്യ വിജ്ഞാന വ്യാപന സേവനങ്ങൾ ശക്തിപ്പെടുത്തി മെച്ചപ്പെട്ട സേവനം ഉറപ്പു വരുത്തി e-governance, M-governance സാധ്യതകൾ പ്രയോജനപ്പെടുത്തുക.

15) മത്സ്യത്തൊഴിലാളികളെ കട ബാധ്യതയിൽ നിന്ന് മോചിപ്പിക്കുന്നതിന് കടാശ്വാസ നടപടികൾ പൂർത്തീകരിക്കുക.

16) തൊഴിൽ ഉപകരണങ്ങൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുക, ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക,

Sheeba

**സെക്ഷൻ ആഫീസർ**